ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഇൻഡ്യൻ റോഡ് കോൺഗ്രസിന്റെ (IRC) 99-1988-ാം നമ്പർ കോഡ്, കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ (MORTH) 28-6-1996-ലെ RW/NH-1106/4/I/91-DO1. നമ്പർ സർക്കുലർ എന്നിവയിൽ നിഷ്കർഷിച്ചിരിക്കുന്ന രീതിയിലാണ് റോഡുകളിൽ ഹമ്പുകൾ സ്ഥാപിക്കേണ്ടത്. ഇപ്രകാരം അല്ലാത്ത ഹമ്പുകൾ നീക്കം ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

റോഡ് വീതി കൂട്ടാൻ നടപടി

212 (4566) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് അമയടത്തുപാലത്തുനിന്നും മെഡിക്കൽ കോളേജ് വരെയുള്ള മാവൂർ റോഡിൽ പല സ്ഥലങ്ങളിലും റോഡിന് വീതികുറവായതിനാൽ ഗതാഗതത്തിന് തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇങ്ങനെ വീതി കുറഞ്ഞ സ്ഥലങ്ങളിൽ സ്ഥലം ഏറ്റെടുത്ത് വീതി കൂട്ടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്

(ബി) പരിശോധിക്കുന്നതാണ്.

സീ-പോർട്ട് - എയർപോർട്ട് റോഡിന്റെ പൂർത്തീകരണം

213 (4567) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ സീ-പോർട്ട്-എയർപോർട്ട് റോഡിന്റെ നിർമ്മാണം കളമശ്ശേരിയിൽ വരെ എത്തി നിന്നുപോയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത റോഡിന്റെ ബാക്കിയുള്ള ഭാഗത്തിന്റെ പൂർത്തീകരണത്തിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly